പതിനാലാം കേരള നിയമസഭ

പത്തൊൻപതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.2769 — 13/03/2020-ൽ മറുപടിക്ക്

## എയ്ഡഡ് സ്കൂളുകളിലെ ജീവനക്കാർക്ക് നിയമനാംഗീകാരം

| **ചോദ്യം** | **ഉത്തരം** |
|---|---|
| ശ്രീ. പി. ഉബൈദുള്ള: | പ്രൊഫ. സി. രവീന്ദ്രനാഥ് (പൊതുവിദ്യാഭ്യാസ വകുപ്പുമന്ത്രി) |
| (എ) സംസ്ഥാനത്തെ എയ്ഡഡ് സ്കൂളുകളിലെ അധ്യാപകർക്കും ജീവനക്കാർക്കും നിയമനാംഗീകാരം നൽകുന്ന സമന്വയ സോഫ്റ്റ് വെയറിൽ അപ്രൂവൽ ബട്ടൺ മറച്ചുവെച്ചിരിക്കുകയാണ് എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ അതിന്റെ കാരണം വ്യക്തമാക്കാമോ; | (എ) യും (ബി) യും<br>സമന്വയ സോഫ്റ്റ് വെയർ മുഖേന നിയമനാംഗീകാരം നൽകുന്നതിന് 31-12-2019 വരെ സമയം അനുവദിച്ചിരുന്നു. 2020-21 വർഷത്തേക്ക് Software fine time ചെയ്യുന്നതിന്റെ ഭാഗമായി 31-12-2019-ൽ എല്ലാം പൂർത്തിയായതായി കണക്കാക്കി Software Updation process ലേക്ക് പോകുകയാണുണ്ടായത്. |
| (ബി) 'നിയമനം നിരസിക്കുന്നു' എന്ന ബട്ടൺ കൃത്യമായി കാണിക്കുകയും ബന്ധപ്പെട്ട എ.ഇ.ഒ/ഡി.ഇ.ഒ ഓഫീസർമാർ, അവ്യക്തമായ മറുപടികൾ നൽകി നിയമനാംഗീകാരം തടസ്സപ്പെടുത്തുകയും ചെയ്യുന്ന സാഹചര്യം നിലവിലുണ്ടോ; എങ്കിൽ അതിന്റെ കാരണം വ്യക്തമാക്കാമോ; | സാങ്കേതികപരവും പ്രക്രിയാപരവുമായ ചില പരിശോധനകൾ പൂർത്തിയാകാനുള്ളതിനാലാണ് നിയമനാംഗീകാരം ഇപ്പോൾ സോഫ്റ്റ് വെയറിലൂടെ നൽകാൻ കഴിയാത്തത്. |
| (സി) വിദ്യാഭ്യാസ ചട്ടം അനുസരിച്ച് 2016 മുതൽ നിയമനം ലഭിച്ച് അംഗീകാരം ലഭിക്കാത്ത എയ്ഡഡ് സ്കൂൾ അധ്യാപകർക്കും ജീവനക്കാർക്കും അംഗീകാരം നൽകുവാൻ സത്വര നടപടി സ്വീകരിക്കുമോ? | (സി) നിലവിലെ ചട്ടങ്ങളും, സർക്കാർ ഉത്തരവുകളും പാലിച്ച് 2016, മുതൽ നിയമിക്കപ്പെട്ടവർക്ക് ഇതിനകം നിയമനാംഗീകാരം നൽകിയിട്ടുണ്ട്. ചട്ടങ്ങളും, ഉത്തരവുകളും പാലിക്കാതെ നടത്തിയിട്ടുള്ള നിയമനങ്ങളാണ് അംഗീകരിക്കപ്പെടാതെ അവശേഷിക്കുന്നത്. |

സെക്ഷൻ ഓഫീസർ